**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5632 24.05.2017- ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജുകളിലെ മോർച്ചറികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ടി. ബൽറാം :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) മെഡിക്കൽ കോളേജുകളിലെ മോർച്ചറികൾ കാര്യക്ഷമമല്ലെന്നും, പ്രവർത്തിക്കുന്നവയിൽ തന്നെ ശരിയായ ശീതികരണ സംവിധാനമില്ലെന്നുമുള്ളത് വസ്തുതയാണോ; | (എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ശരിയായ ശീതീകരണ സംവിധാനമുള്ള മോർച്ചറികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) തൃശ്ശൂർ മുളങ്കുന്നത്ത്കാവ് മെഡിക്കൽ കോളേജിലെ മോർച്ചറിയിൽ സ്ഥലമില്ലാത്തതു കാരണം ഐ.സി.യുവിലെ രോഗികൾക്കിടയിൽ 12 മണിക്കൂർ ഒരു മൃതദേഹം കിടത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് മോർച്ചറിയുടെ ഫ്രീസർ കേടായതു കാരണം മൃതശരീരം ചീഞ്ഞളിഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ മോർച്ചറിയുടെ ദുരവസ്ഥ സംബന്ധിച്ച് ജനുവരിയിൽ ലഭിച്ച പരാതികളിൽ മനുഷ്യാവകാശ കമ്മീഷൻ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഇല്ല. മോർച്ചറിയുടെ ദുരവസ്ഥ സംബന്ധിച്ച് ശ്രീ.പി.കെ.രാജു സമർപ്പിച്ച എച്ച്.ആർ.എം.പി. നം.872/17/റ്റി.വി.എം. നമ്പർ പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ വിശദീകരണം ആരാഞ്ഞിരുന്നു. ആയതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ 21.02.2017 ലെ ജി2/2122/2017/ജി.എം.സി.റ്റി കത്ത് മുഖാന്തിരം കമ്മീഷനിൽ വിശദീകരണം സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള മോർച്ചറികൾ ആധുനിക നിലവാരത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പണി നടന്നുവരുന്ന മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജീകരിച്ചിട്ടുള്ള ആധുനിക സംവിധാനത്തോടുകൂടിയുള്ള മോർച്ചറി ഏകദേശം 6 മാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകുന്നതാണ്. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ആധുനിക രീതിയിലുള്ള 16 മോഡ്യുലർ കോൾഡ് ചേമ്പറുകൾ പ്രവർത്തന സജ്ജമായിവരുന്നു. |

സെക്ഷൻ ഓഫീസർ